# الإيمان باليوم الآخر

جمع

ندوة المجاهدين بكيرلا

# പരലോക വിശ്വാസം

## കേരള നദ്‌വത്തുൽ മുജാഹിദീൻ പ്രസിദ്ധീകരണ വിഭാഗം

مليباري

المكتب التعاوني للدعوة والإرشاد وتوعية الجاليات بسلطانة
تحت إشراف وزارة الشؤون الإسلامية والأوقاف والدعوة والإرشاد
هاتف ٤٢٤٠٠٧٧ ناسوخ ٤٢٥١٠٠٥ ص ب ٩٢٦٧٥ الرياض ١١٦٦٣ بريد إلكتروني E.mail : Sultanah22@hotmail.com
THE COOPERATIVE OFFICE FOR CALL & FOREIGNERS GUIDANCE AT SULTANAH
Tel:4240077 Fax:4251005 P.O.Box:92675 Riyadh:11663 K.S.A. E-mail: sultanah22@hotmail.com

# പരലോക
# വിശ്വാസം

കേരള നദ്‌വത്തുൽ മുജാഹിദീൻ
പ്രസിദ്ധീകരണ വിഭാഗം

بسم الله الرحمن الرحيم

# പരലോക വിശ്വാസം

ഈ ലോകത്തിന് ഒരു സ്രഷ്ടാവുണ്ട്. പ്രപഞ്ചത്തെയും അതിലുള്ളതത്രയും സൃഷ്ടിച്ചത് അവനാണ്. ഉറുമ്പ് മുതൽ ആനവരെ, പരമാണുമുതൽ ബ്രഹ്മാണ്ഡംവരെ എല്ലാം. ഏകനായ അവൻ തന്നെയാണ് എല്ലാ ജീവജാലങ്ങളെയും സംരക്ഷിക്കുന്നത്. അവൻ ലോക സംരക്ഷകനാണ്. അവനാണ് അല്ലാഹു, ദൈവം.

ഈ ലോകവും അതിലുള്ള ഒന്നും എന്നും നിലനിൽക്കുന്നതല്ല. ഈ ലോകത്തുള്ള ഒന്നിനും സ്ഥായിഭാവമില്ല. എല്ലാം നശിക്കും. നശിച്ചുകൊണ്ടിരിക്കുന്നത് നമുക്ക് അനുഭവവുമാണല്ലോ.

എല്ലാം ഒന്നടങ്കം നശിക്കുന്ന ഒരു നാൾ വരാനുണ്ട്. ആ ദിനം നമ്മോടടുത്തുകൊണ്ടിരിക്കുകയാണ്. അന്ന് എല്ലാം നശിക്കും. ദൈവവും അവൻ നശിക്കരുതെന്നുദ്ദേശിക്കുന്നതുമല്ലാതെ യാതൊന്നും അവശേഷിക്കുകയില്ല. ആ മഹാനാശത്തിനുശേഷം പിന്നെയെന്ത്? വരാനിരിക്കുന്ന വ്യാപകമായ ആ മഹാനാശത്തെപ്പററി ശാസ്ത്രവും യുക്തിയും മുന്നറിയിപ്പു നൽകുന്നുണ്ട്. എങ്കിലും അതിനുശേഷം എന്ത്? ഈ ചോദ്യത്തിന് മറുപടി പറയാൻ മതത്തിനേ കഴിഞ്ഞിട്ടുള്ളു.

ഈ ലോകവും അതിലുള്ളതും നശിച്ചുകഴിഞ്ഞാൽ പിന്നെ മറെറാരു ലോകമാണ്. അതിന്നാണ് പരലോകം എന്നു പറയുന്നത്. നാം ഈ ലോകത്തുവെച്ചു ചെയ്ത പ്രവർത്തനങ്ങൾ വിലയിരുത്തുന്നത് ആ പരലോകത്തുവെച്ചാണ്. സാരവും നിസ്സാരവുമായ എല്ലാ കർമങ്ങളും അവിടെ വിലയിരുത്തപ്പെടും. കർമങ്ങൾ നന്മയെങ്കിൽ ശാശ്വതമായ സ്വർഗം. തിന്മയെങ്കിൽ പ്രതിഫലം നരകവും.

ഈ ലോകം ഒരുനാൾ ഏതായാലും നശിക്കുമെന്ന് എല്ലാവരും സമ്മതിക്കുന്നു. പക്ഷെ, ഈ ലോകവും ഭൂമിയുമൊക്കെ ഉണ്ടായതു

മുതൽ ലോകാവസാനംവരെ ജീവിച്ചുമരിച്ചു മണ്ണടിഞ്ഞുപോയ എല്ലാവരും പുനരുജ്ജീവിപ്പിക്കപ്പെടുമെന്ന് മതം അസന്ദിഗ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ഈ ലോകത്തുവെച്ച് ചെയ്ത കർമ്മങ്ങൾ വിലയിരുത്തപ്പെടണമെങ്കിൽ തീർച്ചയായും കർമ്മങ്ങൾ ചെയ്തവർക്ക് ശിക്ഷയും രക്ഷയും മരണാനന്തരം ഒരു ജീവിതവും ഉണ്ടായേപററൂ. കേവലം മരണാനന്തര ബഹുമതികളോ അവമതികളോ ആയിക്കൂടല്ലോ. അപ്പോൾ ഈ ലോകം നശിക്കുമെന്ന് വിശ്വസിക്കുന്നവൻ പുനരുത്ഥാനത്തിലും വിശ്വസിച്ചേ ഒക്കൂ. എങ്കിലല്ലേ കർമ്മഫലങ്ങൾ അനുഭവിക്കാൻ പററുകയുള്ളൂ. അതിനാൽ ലോകം നശിക്കുമെങ്കിൽ അതിന്റെ അനിവാര്യതയാണ് പുനരുത്ഥാനം.

ലോകത്തിന്റെ നാശത്തെപ്പററിയും തുടർന്നുള്ള പുനരുത്ഥാനത്തെപ്പററിയും വിശുദ്ധഖുർആൻ വിശദമായിത്തന്നെ പ്രതിപാദിച്ചിട്ടുണ്ട്. ചില വാക്യങ്ങൾ മാത്രം ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ:

"ആ അന്ത്യസമയം വരാനുള്ളതുതന്നെയാണ്. അതിൽ യാതൊരു സംശയവുമില്ല. പക്ഷെ, മനുഷ്യരിൽ അധികപേരും വിശ്വസിക്കുന്നില്ല" (ഗാഫിർ: 59).

"അന്ത്യസമയം വരികതന്നെ ചെയ്യും. അതിൽ യാതൊരു സംശയവുമില്ല. ഖബ്റുകളിലുള്ളവരെ അല്ലാഹു ഉയിർത്തെഴുന്നേൽപിക്കുകയും ചെയ്യും." (ഹജ്ജ്: 7).

"തീർച്ചയായും അന്ത്യസമയം വരികതന്നെ ചെയ്യും. ഓരോരുത്തന്നും താൻ പ്രയത്നിക്കുന്നതിന്നനുസൃതമായി പ്രതിഫലം നൽകപ്പെടാൻ വേണ്ടി ഞാനത് ഗോപ്യമാക്കി വെച്ചേക്കുകയാണ്" (ത്വാഹാ: 15).

പുനരുത്ഥാനത്തെയും പരലോക ജീവിതത്തെയും നിഷേധിക്കുന്നവർ ഏതുകാലത്തും ഉണ്ടായിരുന്നു. അത്തരക്കാർക്ക് പണ്ടുകാലം മുതലേ പ്രവാചകന്മാരും മതവും മറുപടി നൽകിപ്പോന്നിട്ടുണ്ട്. നിരവധി ഉദാഹരണങ്ങളിലൂടെ ആ കാര്യത്തെക്കുറിച്ച് ബോധവാന്മാരാക്കാൻ ശ്രമിച്ചിട്ടുണ്ട്. ഈ ലോകത്ത് അവരുടെ കൺമുമ്പിൽവെച്ച് നടക്കുന്ന കാര്യങ്ങളെയും പ്രാപഞ്ചിക പ്രതിഭാസങ്ങളെയും എടുത്തുകാട്ടിക്കൊണ്ടാണ് അത്തരക്കാരെ മതം ഉണർത്തിയത്.

ഖുർആൻ പറയുന്നു:

"അവർ പറഞ്ഞു: ജീവിതമെന്നാൽ നമ്മുടെ ഐഹികജീവിതം മാത്രമാകുന്നു. നാം മരിക്കുന്നു. നാം ജീവിക്കുന്നു. നമ്മെ നശിപ്പിക്കുന്ന

ത് കാലം മാത്രമാണ്. വാസ്തവത്തിൽ അവർക്ക് അതിനെപ്പററി യാതൊരു അറിവുമില്ല. അവർ ഊഹിക്കുക മാത്രമാകുന്നു. നമ്മുടെ ദൃഷ്ടാന്തങ്ങൾ വ്യക്തമായി അവർക്കു വായിച്ചു കേൾപ്പിക്കപ്പെടുക യാണെങ്കിൽ അവരുടെ ന്യായവാദം നിങ്ങൾ സത്യവാന്മാരാണെങ്കിൽ ഞങ്ങളുടെ പിതാക്കളെ (ജീവിപ്പിച്ചു) കൊണ്ടുവരിക എന്ന അവരുടെ പറച്ചിൽ മാത്രമായിരിക്കും. പറയുക.' അല്ലാഹു നിങ്ങളെ ജീവിപ്പിക്കു ന്നു. പിന്നീട് അവൻ നിങ്ങളെ മരിപ്പിക്കുകയും പിന്നീട് ഉയിർത്തെഴു ന്നേൽപിൻെറ നാളിലേക്ക് നിങ്ങളെ അവൻ ഒരുമിച്ചുകൂട്ടുകയുംചെയ്യും. അതിൽ യാതൊരു സംശയവുമില്ല. പക്ഷെ, മനുഷ്യരിൽ അധികപേരും അറിയുന്നില്ല" (ജാഥിയ: 24 —26).

"അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതുതന്നെയാണ്: നീ ഭൂമിയെ വരണ്ടുണങ്ങിയതായി കാണുന്നു എന്നിട്ട് അതിൽ നാം വെള്ളം വർഷിച്ചാൽ അതിന് ചലനമുണ്ടാകുകയും അതു വളരുകയുംചെയ്യുന്നു എന്നത്. അതിന് ജീവൻ നൽകിയവൻ തീർച്ചയായും മരിച്ചവർക്കും ജീവൻ നൽകുന്നവനാണ്. തീർച്ചയായും അവൻ ഏതുകാര്യത്തിനും കഴിവുള്ളവനാകുന്നു" (ഫുസ്സ്വിലത്: 39).

"മനുഷ്യരേ, ഉയിർത്തെഴുന്നേൽപിനെപ്പററി നിങ്ങൾ സംശയത്തിലാണെങ്കിൽ (ആലോചിച്ചുനോക്കുക): തീർച്ചയായും നാമാണ് നിങ്ങളെ മണ്ണിൽനിന്നും, പിന്നീട് ബീജത്തിൽനിന്നും, പിന്നീട് ഭ്രൂണത്തിൽനിന്നും, അനന്തരം രൂപം നൽകപ്പെട്ടതും രൂപം നൽകപ്പെ ടാത്തതുമായ മാംസപിണ്ഡത്തിൽനിന്നും സൃഷ്ടിച്ചത്. നാം നിങ്ങൾക്ക് കാര്യങ്ങൾ വിശദമാക്കിത്തരാൻവേണ്ടി (പറയുകയാകുന്നു). നാം ഉദ്ദേശിക്കുന്നതിനെ നിശ്ചിതമായ ഒരവധിവരെ നാം ഗർഭാശയങ്ങളിൽ താമസിപ്പിക്കുന്നു. പിന്നീട് നിങ്ങളെ നാം ശിശുക്കളായി പുറത്തുകൊണ്ടു വരുന്നു. അനന്തരം നിങ്ങൾ നിങ്ങളുടെ പൂർണ്ണദശ പ്രാപിക്കുംവരെ നിങ്ങളെ വളർത്തുന്നു. (നേരത്തെ) ജീവിതം അവസാനിപ്പിക്കപ്പെടു ന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. അറിവുണ്ടായിരുന്നതിനുശേഷം യാതൊന്നും അറിയാതാകുംവിധം ഏററവും അവശമായ പ്രായ ത്തിലേക്ക് മടക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. ഭൂമി വരണ്ട് നിർജ്ജീവമായിക്കിടക്കുന്നതായി നിനക്കുകാണാം. അങ്ങനെ അതി ന്മേൽ നാം വെള്ളം ചൊരിഞ്ഞാൽ അത് ഇളകുകയും വികസിക്കുകയും കൗതുകമുള്ള എല്ലാതരം ചെടികളെയും അത് മുളപ്പിക്കുകയുംചെയ്യുന്നു. അല്ലാഹു തന്നെയാണ് സത്യമായുള്ളവൻ എന്നതുകൊണ്ടാണത്. അവൻ മരിച്ചവരെ ജീവിപ്പിക്കും, അവൻ ഏതൊരു കാര്യത്തിനും കഴിവുള്ളവനുമാണ് എന്നതുകൊണ്ടും." (ഹജ്ജ്: 5—7).

ഭൂമി പൊട്ടിപ്പിളർന്ന് മരണപ്പെട്ടുപോയവരെല്ലാം അന്ന് ഖബറിടങ്ങളിൽനിന്ന് എഴുന്നേററുവരും.

അല്ലാഹു പറയുന്നു:

"നിശ്ചയായും നാം ജീവിപ്പിക്കുകയും മരിപ്പിക്കുയും ചെയ്യുന്നു. നമ്മുടെ അടുത്തേക്ക് തന്നെയാണ് തിരിച്ചെത്തലും. അവരെ വിട്ടു ഭൂമി പിളർന്നുമാറി അവർ അതിവേഗം വരുന്ന ദിവസം! അതു നമ്മെ സ്സംബന്ധിച്ചിടത്തോളം എളുപ്പമുളള ഒരു ഒരുമിച്ചുകൂട്ടലാകുന്നു." (ഹജ്ജ്: 43, 44).

"അവർ പറയുന്നു: നിശ്ചയായും നാം മുൻ സ്ഥിതിയിലേക്ക് മടക്കപ്പെടുന്നവരാണോ? നാം ജീർണ്ണിച്ച എല്ലുകളായിക്കഴിഞ്ഞാലും? അവർ പറയുകയാണ്: അങ്ങനെയാണ് എങ്കിൽ നഷ്ടകരമായ ഒരു തിരിച്ചുവരവായിരിക്കുമല്ലോ അത്. എന്നാൽ അത് ഒരു ഘോരശബ്ദം മാത്രമായിരിക്കും. അപ്പോഴതാ അവർ ഭൂമുഖത്തെത്തിക്കഴിഞ്ഞിരിക്കും. (നാസിആത്ത്: 10—14).

"ആകാശത്തുനിന്ന് നാം അനുഗൃഹീതമായ വെളളം വർഷിക്കുകയും എന്നിട്ട് അതുമൂലം പലതരം തോട്ടങ്ങളും കൊയ്യെടുക്കുന്ന ധാന്യങ്ങളും മുളപ്പിക്കുകയുംചെയ്യു. അടുക്കടുക്കായി കുലകളുളള ഉയരമുളള ഈന്തപ്പനകളും. (നമ്മുടെ) ദാസന്മാർക്ക് ഉപജീവനമായി ട്ടുളളതത്രെ അവ. നിർജീവമായ നാടിനെ അതുമൂലം നാം ജീവനുളള താക്കുകയുംചെയ്യു. അപ്രകാരംതന്നെയാണ് ഉയിർത്തെഴുന്നേൽപ്" (ഖാഫ്: 9—11).

എത്രയൊക്കെ കാര്യങ്ങൾ പറഞ്ഞുകൊടുത്താലും ദൃഷ്ടാന്തങ്ങൾ കാണിച്ചുകൊടുത്താലും സത്യനിഷേധികൾ മടങ്ങുകയില്ല. ഒടുവിൽ തങ്ങൾ നിഷേധിച്ചിരുന്ന കാര്യം യാഥാർത്ഥ്യമായി മുന്നിൽ പ്രത്യക്ഷപ്പെടുകതന്നെ ചെയ്യും. അപ്പോഴത്തെ അവരുടെ അവസ്ഥ! പരമദയനീയം തന്നെ! പുറമെ അപമാനിതരുമായിരിക്കും അവർ.

ഖുർആൻ പറയുന്നു:

"(അവർ ചോദിക്കും) മരിച്ച് കഴിഞ്ഞ് മണ്ണും എല്ലുമായാലും ഞങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുകതന്നെ ചെയ്യുമോ? ഞങ്ങളുടെ പൂർവപിതാക്കളും? പറയുക: അതെ. നിങ്ങൾ അപമാനിതരായിരിക്കുകയും ചെയ്യും. അത് ഒരു ഘോരശബ്ദം മാത്രമായിരിക്കും. അപ്പോഴതാ അവർ (ഖബറുകളിൽനിന്ന് എഴുന്നേററ്) നോക്കുന്നു. അവർ പറയും: ഞങ്ങളുടെ നാശമേ! ഇത് പ്രതിഫല നാളാണല്ലോ! അതെ, നിങ്ങൾ നിഷേധിച്ചിരുന്ന നിർണ്ണായക തീരുമാനത്തിന്റെ ദിവസംതന്നെ ഇത്" (സ്വാഫ്ഫാത്ത്: 16—21).

അഹങ്കാരമാണ് മനുഷ്യനെ പരലോക നിഷേധത്തിലേക്ക് നയിക്കുന്നത്. അഹങ്കരിക്കാൻ ഒട്ടും അർഹതയോ അവകാശമോ ഇല്ലാത്ത

അവൻെറ അഹങ്കാരം തൻെറ സ്രഷ്ടാവിനെപ്പോലും നിഷേധിക്കാൻ മാത്രം ഭയാനകമായിരിക്കുന്നു. പരലോകം, പുനരുത്ഥാനം, സ്വർഗം, നരകം എല്ലാം അവന് പരമപുച്ഛം! മറെറാന്നുമില്ലെങ്കിലും തൻെറ മുൻസ്ഥിതിയെപ്പററിയെങ്കിലും അവൻ ഓർക്കേണ്ടതല്ലേ? അത്തരക്കാരെ അല്ലാഹു വിടാൻപോകുന്നില്ല.

അല്ലാഹു ചോദിക്കുന്നു:

"മനുഷ്യൻ വിചാരിക്കുന്നവോ, അവനെ വെറുതെയങ്ങ് വിട്ടേക്കുമെന്ന്! സ്രവിക്കപ്പെടുന്ന ശുക്ളത്തിൻെറ ഒരു കണമായിരുന്നില്ലേ അവൻ? പിന്നെ അതൊരു ഭ്രൂണമായി. എന്നിട്ട് അല്ലാഹു (അവനെ) സൃഷ്ടിച്ചു ശരിയായ രൂപത്തിലാക്കി. അങ്ങനെ അതിൽനിന്ന് ആണും പെണ്ണുമാകുന്ന ഇണകളെ അവൻ ഉണ്ടാക്കി. അങ്ങനെയുള്ള അവൻ മരിച്ചവരെ ജീവിപ്പിക്കാൻ കഴിവുള്ളവനല്ലേ?" (ഖിയാമത്: 36—40).

"മനുഷ്യൻ കണ്ടില്ലേ, അവനെ നാം ഒരു ബീജകണത്തിൽ നിന്നാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന്? എന്നിട്ടവനതാ ഒരു പ്രത്യക്ഷ എതിരാളിയായിരിക്കുന്നു! അവൻ നമ്മെ (മററുള്ളവരോട്) ഉപമിച്ചിരിക്കുന്നു. തന്നെ സൃഷ്ടിച്ചത് അവൻ മറന്നിരിക്കുകയുമാണ്. അവൻ ചോദിച്ചു: ആർക്കാണ് എല്ലുകൾക്ക് ജീവൻ നൽകാനാവുക, അവ ദ്രവിച്ചു പോയിരിക്കേ." പറയുക: ആദ്യതവണ അവയെ ഉണ്ടാക്കിയവനാരോ അവൻതന്നെ അവയെ ജീവിപ്പിക്കും. അവൻ എല്ലാതരം സൃഷ്ടിപ്പിനെപ്പററിയും സൂക്ഷ്മജ്ഞാനിയത്രെ. പച്ചമരത്തിൽനിന്ന് നിങ്ങൾക്ക് തീ ഉണ്ടാക്കിത്തന്നവനാണ് അവൻ. അങ്ങനെ നിങ്ങളതാ അതിൽനിന്ന്,കത്തിച്ചെടുക്കുന്നു. ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവൻ അവരെപ്പോലുള്ളവരെ സൃഷ്ടിക്കുവാൻ കഴിവുള്ളവനല്ലേ? അതെ, അവനാണ് സകലതും സൃഷ്ടിക്കുന്നവനും എല്ലാം അറിയുന്നവനും. അവൻെറ കാര്യം ഇത്രമാത്രമാണ്: അവൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് "ഉണ്ടാകൂ" എന്ന് പറയലാണ്, അപ്പോൾ അതുണ്ടാകും. മുഴുവൻ വസ്തുക്കളുടെയും ആധിപത്യം ആരുടെ കൈയിലാണോ, നിങ്ങൾ മടക്കപ്പെടുന്നത് ആരുടെ അടുത്തേക്കാണോ അങ്ങനെയുള്ളവൻ എത്ര പരിശുദ്ധൻ!" (യാസീൻ: 77 — 83).

"താൻ സൃഷ്ടിച്ച എല്ലാ വസ്തുക്കളെയും വിശിഷ്ടമാക്കിയവനത്രെ അവൻ. അവൻ മനുഷ്യൻെറ സൃഷ്ടിപ്പ് കളിമണ്ണിൽനിന്ന് ആരംഭിച്ചു. പിന്നെ അവൻെറ സന്തതിയെ നിസ്സാരമായ വെള്ളത്തിൻെറ സത്തിൽനിന്ന് അവൻ ഉണ്ടാക്കി. പിന്നെ അവനെ ശരിയായ രൂപത്തിലാക്കുകയും തൻെറ വകയായുള്ള ആത്മാവ് അവനിൽ ഊതുകയും ചെയ്തു. നിങ്ങൾക്കവൻ കേൾവിയും കാഴ്ചകളും ഹൃദയങ്ങളും ഉണ്ടാക്കിത്തരികയും ചെയ്തു. കുറച്ചു മാത്രമേ നിങ്ങൾ നന്ദി കാണിക്കുന്നുള്ളൂ.

അവർ (അവിശ്വാസികൾ) പറഞ്ഞു: ഞങ്ങൾ ഭൂമിയിൽ ലയിച്ച് അപ്രത്യക്ഷരായാൽപോലും ഞങ്ങൾ പുതുതായി സൃഷ്ടിക്കപ്പെടുമെന്നോ? അല്ല, അവർ തങ്ങളുടെ രക്ഷിതാവിനെ കണ്ടുമുട്ടുന്നതിനെ നിഷേധിക്കുന്നവരാകുന്നു. പറയുക: നിങ്ങളുടെ കാര്യത്തിൽ ഏൽപിക്കപ്പെട്ട മരണത്തിന്റെ മലക്ക് നിങ്ങളെ മരിപ്പിക്കുന്നതാണ്. പിന്നീട് നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് നിങ്ങൾ മടക്കപ്പെടുന്നതുമാണ്" (സജദ: 7 — 11).

ഈ ലോകത്തെയും അതിലെ ചരാചരങ്ങളെയും രൂപകൽപന ചെയ്തു ആസൂത്രിതമായി പടച്ചുണ്ടാക്കിയ നിയന്ത്രിച്ചു സംരക്ഷിച്ചു പോരുന്ന സർവ്വജ്ഞനും സർവ്വശക്തനുമായ ഏകനായ ദൈവം. അവനെ സംബന്ധിച്ചിടത്തോളം മരണപ്പെട്ടവരെ ഒന്നുകൂടി ജീവിപ്പിക്കുക എന്നത് പ്രയാസകരമാകില്ലല്ലോ. മനുഷ്യചിന്ത അവിടേക്കെത്താത്തതാണ് അത്ഭുതം! അതോ എത്തിയിട്ടും എത്താത്തതായി നടിക്കുകയോ?

പരലോകം എന്നത് വിശ്വാസകാര്യങ്ങളിൽ പെട്ടതാണ്. പരലോകവിശ്വാസമാണ് മനുഷ്യന്റെ ഈ ലോകത്തെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത്. പരലോകത്തെ നിഷേധിക്കുന്ന പരലോകത്തിൽ വിശ്വസിക്കാത്ത മനുഷ്യന് ഈ ലോകത്ത് എന്തുമാകാം. വിശ്വാസമുള്ളവന് അങ്ങനെ ആയിക്കൂടാ.

ഈ ലോകം നശിക്കും. ശേഷം താൻ ഉയിർത്തെഴുന്നേൽപിക്കപ്പെടും. മററു സൃഷ്ടികളോടൊപ്പം സ്രഷ്ടാവും സർവ്വാധികാരിയുമായ അല്ലാഹുവിന്റെ മുന്നിൽ ഹാജരാക്കപ്പെടും. തന്റെ ഇവിടുത്തെ കർമ്മങ്ങൾ അവിടെ വിലയിരുത്തപ്പെടും. നിഷ്കൃഷ്ടവും നീതിപൂർവ്വവുമായ വിചാരണയെ തനിക്ക് നേരിടേണ്ടതുണ്ട്. ഈ ബോധമുള്ള ഒരു പരലോകവിശ്വാസിക്ക് ഇവിടത്തെ വ്യാപാരങ്ങളിൽ തന്നിഷ്ടം പ്രവർത്തിക്കാൻ കഴിയുമോ? തന്റെ സ്രഷ്ടാവും സംരക്ഷകനും അന്നദാതാവുമായ ഒരുവന്റെ ഇഷ്ടാനിഷ്ടങ്ങൾ എല്ലാ കാര്യത്തിലും അവന് നോക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം താനവിടെ പരലോകത്ത് നിന്ദ്യനും നികൃഷ്ടനുമായിരിക്കും. കരുണാനിധിയായ രക്ഷിതാവിന്റെ ശാപങ്ങൾക്ക് വിധേയനാകും. അതിനാൽ നല്ലതേ ചെയ്തുകൂടൂ. നല്ലത് എന്നാൽ ദൈവവും ദൈവദൂതന്മാരായ പ്രവാചകന്മാരും കൽപിച്ചതാണ്. അവർ വിരോധിച്ച ഒന്നും താൻ ചെയ്തുകൂടാത്തതാണ്. ഇങ്ങനെ ചിന്തിക്കുന്നവനാണ് പരലോകവിശ്വാസി. അവനത്രെ ജ്ഞാനി. മറിച്ചു ചിന്തിക്കുന്നവൻ അൽപജ്ഞൻ മാത്രം.

അല്ലാഹു പറഞ്ഞു:

"നിശ്ചയമായും പരലോകത്തിൽ വിശ്വസിക്കാത്തവർ പെൺവർഗത്തിന്റെ നാമകരണം മലക്കുകൾക്ക് ചെയ്തുവരുന്നു. അവർക്ക് അതിനെപ്പററി യാതൊരു അറിവും ഇല്ലതാനും. അവർ

ഊഹത്തെയല്ലാതെ പിൻപററുന്നില്ല. ഊഹമാകട്ടെ നിശ്ചയമായും യാഥാർത്ഥ്യത്തെ സംബന്ധിച്ച് ഒട്ടുംതന്നെ ഉപകരിക്കുന്നതുമല്ല. എന്നാൽ, നമ്മുടെ സ്മരണവിട്ട് തിരിഞ്ഞുകളയുകയും ഐഹിക ജീവിതമല്ലാതെ ഉദ്ദേശം വെക്കാതിരിക്കുകയും ചെയ്യുന്നവരിൽനിന്ന് (നബിയേ) നീ ഒഴിഞ്ഞുമാറിക്കൊള്ളുക. അതാകുന്നു അവരുടെ അറിവിൻെറ ആകത്തുക!........." (നജ്മ് 27—30).

# الإيمان باليوم الآخر

جمع :

ندوة المجاهدين بكيرلا

# أخي الكريم وأختي الكريمة

ندعوكم للمشاركة في إنجاح أعمال المكتب وتحقيق طموحاته من خلال إسهامكم بالأفكار والمقترحات والدعم المادي والمعنوي.

**فلا تحرم نفسك الأجر بالمشاركة في دعم أعمال المكتب**

## الدال على الخير كـ... فاعله

| م | إسم الحساب | رقم الحساب | غرض الحساب |
|---|---|---|---|
| ١ | التبرعات العامة | ١٩٥٦٠٨٠١٠١٠٢٠٠٧ | خاص بتسيير أعمال المكتب كمثل رواتب الدعاة والعاملين وخدمات أخرى |
| ٢ | تبرعات المكتب | ١٩٥٦٠٨٠١٠١٠٦٥٥٢ | خاص بطباعة الكتب والمطويات وغيرها |
| ٣ | تبرعات الزكاة | ١٩٥٦٠٨٠١٠١٠٨١٣٧ | خاص بأصناف الزكاة |
| ٤ | مقر المكتب | ١٩٥٦٠٨٠١٠١٣٣٥٥٦ | خاص بتشييد مباني المكتب |

الحساب الموحد لجميع حسابات المكتب (١٩٥٦٠٨٠١٠٢١٠٠٠٨) لدى مصرف الراجحي

المكتب التعاوني للدعوة والإرشاد وتوعية الجاليات بسلطانة
تحت إشراف وزارة الشؤون الإسلامية والأوقاف والدعوة والإرشاد
هاتف: [illegible] ناسوخ: [illegible] ص ب ٩٢٦٧٥ الرياض ١١٦٦٣ بريد إلكتروني E.mail : Sultanah22@hotmail.com